"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ് / 'ഇക്കോ സെൻസ്' - 2026-27 വർഷത്തിൽ നടപ്പാക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1307/2026/LSGD തീയതി, തിരുവനന്തപുരം, 19-07-2026

---

പരാമർശം:-
1. 30.09.2025 ലെ സ. ഉ.(സാധാ) 2388/2025/LSGD നമ്പർ സർക്കാർ ഉത്തരവ്
2. 22.12.2025 ലെ സ.ഉ.(സാധാ) 3046/2025/LSGD നമ്പർ സർക്കാർ ഉത്തരവ്
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27.10.2025 ലെ എൻ.2/16397/ഡി.ജി.ഇ. നമ്പർ സർക്കുലർ.

**ഉത്തരവ്**

മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും, പാഴ്വസ്തുക്കൾ ഉപയോഗപ്രദമായ വിഭവങ്ങളാക്കി മാറ്റുന്നതിന് നൂതനചിന്തകളും ശീലങ്ങളും പുതുതലമുറയിൽ വളർത്തിയെടുക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ 'വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ് - ഇക്കോ സെൻസ്' എന്ന പദ്ധതി പരാമർശം 1,2,3 പ്രകാരം ആവിഷ്കരിക്കുകയുണ്ടായി. പദ്ധതിയുടെ ആദ്യഘട്ടം 2025-26 അധ്യയന വർഷത്തിൽ വിജയകരമായി പൂർത്തീകരിക്കാൻ സാധിച്ചു.

ഖരമാലിന്യ ചട്ടം 2026 നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിലും, മാലിന്യസംസ്കരണം സംബന്ധിച്ച വ്യക്തമായ അവബോധം പൊതുവിദ്യാഭ്യാസ സ്കൂൾ കരികുലത്തിലൂടെ നൽകുന്നതിന് സിവിൽ അപ്പീൽ നമ്പർ 6174/2023 കേസിൽ ബഹു. സുപ്രീം കോടതി കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതിനാലും "വിദ്യാർത്ഥി ഹരിതസേന - ഇക്കോസെൻസ്" പദ്ധതിയുടെ രണ്ടാം ഘട്ടം ഈ അധ്യയന വർഷത്തിന്റെ ആദ്യ ഘട്ടത്തിൽ തന്നെ ആരംഭിക്കേണ്ടതുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വീട്ടുകളിൽ ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായുണ്ടാകുന്ന ജൈവ-അജൈവ മാലിന്യ/പാഴ്വസ്തുക്കളെ ഉറവിട മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉപയോഗപ്രദമായ വസ്തുക്കളാക്കി മാറ്റുക, പുനരുപയോഗം സാധ്യമാക്കുക, അറിവും ശീലവും നൂതന ചിന്തയും താല്പര്യവുമുള്ള പുതുതലമുറയെ വിദ്യാഭ്യാസ പ്രക്രിയയിലൂടെ വാർത്തെടുക്കുക എന്നീ ലക്ഷ്യങ്ങളോടെ തദ്ദേശ സ്വയംഭരണ വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടത്തിവന്ന "വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ് — ഇക്കോ സെൻസ്" ഈ അധ്യയന വർഷത്തിൽ തുടരുന്നതിന് അനുബന്ധം 1 ആയി ചേർത്തിരിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ വർഷത്തെ വാർഷിക പദ്ധതിയുടെ ഭാഗമാക്കി ഇതിനായി തുക വകയിരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, തിരുവനന്തപുരം
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം
ഡയറക്ടർ, I&PRD (വെബ് & മീഡിയ)

ഉത്തരവിൻ പ്രകാരം
Digitally signed by
Krishnadev R L
Date: 20-07-2026
10:46:58
സെക്ഷൻ ഓഫീസർ

പകർപ്പ്-
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.ക്ക് പൊതുവിദ്യാഭ്യാസ വകുപ്പ്

അനുബന്ധം 1

1. **<u>തിരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ:</u>**

1. സ്കോളർഷിപ്പിനായുള്ള വിദ്യാർത്ഥികളുടെ തിരഞ്ഞെടുപ്പ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിലായിരിക്കും നടക്കുക. ഇതിനാവശ്യമായ സഹായക പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ്, ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ, ശുചിത്വമിഷൻ തുടങ്ങിയവർ നൽകേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തുകളിൽ ചുരുങ്ങിയത് 50 വിദ്യാർത്ഥികളെയും മുൻസിപ്പാലിറ്റികളിൽ 75 വിദ്യാർത്ഥികളെയും കോർപ്പറേഷനിൽ 100 വിദ്യാർത്ഥികളെയുമാണ് സ്കോളർഷിപ്പിലേക്ക് തെരഞ്ഞെടുക്കേണ്ടത്. ഓരോ വിദ്യാലയത്തിൽ നിന്നും ചുരുങ്ങിയത് രണ്ട് കുട്ടികൾക്ക് സ്കോളർഷിപ്പ് നല്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

3. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ആകെ നൽകുന്ന സ്കോളർഷിപ്പിൽ 40% യു.പി വിഭാഗത്തിനും 30% ഹൈസ്കൂളിനും 30% ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിനുമായി മാറ്റിവയ്ക്കേണ്ടതാണ്.

4. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ലെങ്കിൽ 30% യു.പി, ഹൈ സ്കൂൾ വിഭാഗങ്ങൾക്ക് തുല്യമായി വിഭജിച്ചു നൽകാവുന്നതാണ്. ഹൈസ്കൂൾ ഇല്ലാത്ത പക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ആകെ സ്കൂളുകളുടെ എണ്ണവും വിദ്യാർത്ഥികളുടെ എണ്ണവും വിലയിരുത്തി ആവശ്യമെങ്കിൽ മുഴുവൻ സ്കോളർഷിപ്പും യു.പി വിഭാഗത്തിനായി പരിഗണിക്കാവുന്നതാണ്. ഒരു ഹയർ സെക്കണ്ടറി സ്കൂൾ മാത്രം ഉള്ളയിടങ്ങളിൽ ക്വാട്ട നിർണയിച്ച അത്രയും കുട്ടികൾ ഇല്ലാത്തപക്ഷം ഈ ഒഴിവിലേക്ക് യു.പി, ഹൈസ്കൂൾ വിഭാഗം കുട്ടികളെ പരിഗണിക്കാവുന്നതുമാണ്.

5. സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് ഓരോ സ്കൂളിനും അനുവദിക്കാവുന്ന വിദ്യാർത്ഥികളുടെ എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൂട്ടി തീരുമാനിച്ച് സ്കൂളുകളെ അറിയിക്കേണ്ടതാണ്.

6. അപ്പർ പ്രൈമറി വിഭാഗത്തിൽ നിന്നും ആറ്, ഏഴ് ക്ലാസ് വിദ്യാർത്ഥികൾക്കും ഹൈസ്കൂൾ വിഭാഗത്തിൽ നിന്നും എട്ട്, ഒമ്പത് ക്ലാസ് വിദ്യാർത്ഥികൾക്കും, ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഒന്നാം വർഷ വിദ്യാർത്ഥികൾക്കുമാണ് സ്കോളർഷിപ്പിന് അവസരം നൽകേണ്ടത്.

7. കഴിഞ്ഞ അധ്യയന വർഷത്തിൽ സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികൾക്ക് ഈ വർഷവും പങ്കെടുക്കാനുള്ള അവസരം നൽകാവുന്നതാണ്. കൂടാതെ ഈ വിദ്യാർത്ഥികളെ വിദ്യാലയത്തിൽ സ്കോളർഷിപ്പിൽ പങ്കെടുക്കുന്നവരുടെ മെന്റർമാരായി പ്രയോജനപ്പെടുത്തേണ്ടതുമാണ്.

8. വിദ്യാലയ തലത്തിൽ പേര് നൽകിയ വിദ്യാർത്ഥികളിൽ നിന്നും നിശ്ചയിച്ചിട്ടുള്ള പ്രവർത്തനങ്ങൾക്കനുസരിച്ച് തിരഞ്ഞെടുപ്പ് പ്രക്രിയ നടത്തും. തിരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങളും പ്രവർത്തനങ്ങളും സമയക്രമവും പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും

വിദ്യാലയത്തിലേക്ക് സർക്കുലറായി നൽകുന്നതാണ്.

9. ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി വിദ്യാലയ തലത്തിലുള്ള തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കേണ്ടതും, അർഹരായ വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുമാണ്.

10. തിരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ വിദ്യാലയത്തിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് നൽകേണ്ടതാണ്.

11. സ്കൂൾതലത്തിൽ സ്കോളർഷിപ്പിനായി തിരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് തുടർ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള സഹായങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകേണ്ടതാണ്

12. നവംബർ 1 4 ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന കുട്ടികളുടെ ഹരിതസഭയോടൊപ്പം ശുചിത്വ പഠനോത്സവം സംഘടിപ്പിക്കുകയും പ്രസ്തുത പരിപാടിയിൽ സ്കോളർഷിപ്പ് വിതരണം ചെയ്യേണ്ടതുമാണ്.

13. ശുചിത്വ പഠനോത്സവം: സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ മാതൃകാപ്രവർത്തനങ്ങളും നിരീക്ഷണങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കാനായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും 'ശുചിത്വ പഠനോത്സവം' സംഘടിപ്പിക്കേണ്ടതാണ്. സെമിനാറുകൾ, മുഖാമുഖ ചർച്ചകൾ, പ്രദർശനങ്ങൾ എന്നിവ ഉൾപ്പെടുത്തിയായിരിക്കണം ശുചിത്വ പഠനോത്സവം നടക്കേണ്ടത്. ശുചിത്വ പഠനോത്സവത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും പങ്കെടുക്കുന്നതിനുള്ള അവസരം ഉണ്ടാകണം.

14. മികച്ച വിദ്യാലയങ്ങൾക്ക് പുരസ്കാരം: സ്കോളർഷിപ്പിന്റെ ഭാഗമായി വിദ്യാലയത്തിൽ നടന്ന പ്രവർത്തനങ്ങൾ, വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ഏകോപനം, സ്കോളർഷിപ്പ് പ്രവർത്തനങ്ങളുടെ ഗുണനിലവാരം എന്നിവയുടെ അടിസ്ഥാനത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വിദ്യാലയത്തിന് പുരസ്കാരം നൽകേണ്ടതുമാണ്.

15. വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിനായുള്ള തുക ഒരു വിദ്യാർത്ഥിയ്ക്ക് 1500 രൂപ നിരക്കിൽ ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയുടെ 2026-27 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

16. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ സംഘടിപ്പിക്കുന്ന ശുചിത്വ പഠനോത്സവത്തിനായി ഗ്രാമപഞ്ചായത്തുകൾക്ക് 10,000 രൂപയും മുനസിപ്പാലിറ്റികൾക്ക് 15,000 രൂപയും കോർപ്പറേഷനുകൾക്ക് 25,000 രൂപയും പരമാവധി ചെലവഴിക്കാവുന്നതാണ്.

17. സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുകയായ 1500 രൂപയും പ്രശസ്തിപത്രവും നൽകേണ്ടതാണ്.

******************************